

# RAHAB- (രാഹാബ്) യോശുവ- (2:1-21)

ദൈവവചനത്തിലെ വനിതകളിൽ, വൈവിദ്ധ്യമാർന്ന സ്വഭാവത്തിന്റെ ഉടമയായി യോശുവയുടെ പുസ്തകത്തിൽ ഇടം നേടിയ വ്യക്തിയാണ് രാഹാബ്. ഒരു സ്ത്രീയും ആഗ്രഹിക്കാത്ത ഒരു വിശേഷണം അവളുടെ പേരിനോടൊപ്പം ചേർത്തിട്ടുണ്ടെങ്കിലും, ദൈവസ്നേഹവും, കരുതലും അവൾ അനുഭവിച്ചു എന്നും, താൻ വിശ്വസിച്ച ദൈവത്തിനായി ധൈര്യ ത്തോടെ പ്രവർത്തിച്ച ഒരു സ്ത്രീ രത്നമാണ് അവൾ എന്നും വചന ത്തിൽ നിന്ന് മനസ്സിലാകുന്നു. മ്ലേച്ഛമായ തൊഴിൽ ഉപേക്ഷിച്ച് മാന്യമായി തൊഴിൽ ചെയ്തു എന്ന് കാണിപ്പാൻ പരിശുദ്ധാത്മാവ് ശ്രദ്ധിച്ചതിന്റെ അടയാളമാണ്, ചണനൂലിനെപ്പറ്റി പ്രതിപാദിച്ചിരിക്കുന്നത് 'ചണം' ഉത്സാ ഹികളായ സ്ത്രീകളോടുള്ള ബന്ധത്തിലാണ് വചനത്തിൽ രേഖപ്പെടുത്തി യിരിക്കുന്നത്. (സദൃ:30:10,13)

രാഹാബ് എന്ന പേരിന്റെ ആദ്യ അക്ഷരം **'രാ'** എന്നത് ഒരു മിസ്രേ മ്യദേവന്റെ പേരാണ്.രാഹാബ് എന്ന വാക്കിന് ഗർവ്വം , ക്രൂരത എന്നും അർത്ഥമുണ്ട്. വേശ്യയായ ഇവളുടെ പാർപ്പിടം (സത്രമോ, വഴിയമ്പലമോ ആകാം) അപരിചിതർക്കു പോലും സംശയലേശമെന്യേ കയറിചെല്ലുവാൻ പറ്റിയതും, പട്ടണവാസികൾക്ക് അവളുടെ അടുക്കൽ വരുന്നവരെ എളുപ്പം മനസ്സിലാകത്തക്കവിധം, മതിലിനു മുകളിൽ ആയിരുന്നു. യഹോവ തന്റെ ജനത്തെ നടത്തിയവിധം കേട്ടവരിൽ ഭയമുളവാക്കിയപ്പോൾ, രാഹാബ് ആ വാർത്ത ഹൃദയത്തിൽ സംഗ്രഹിച്ചു.ഇവളുടെ ജീവിതത്തെ ഒന്ന് വിശ

കലനം ചെയ്യുന്നത് വ്യക്തികൾക്കും, സഭകൾക്കും ആശാസ്യമാകയാൽ നമുക്കതിന് ശ്രമിക്കാം.

**(1) രാഹാബിന്റെ അടുക്കൽ ഒറ്റുകാരെ അയച്ച ദൈവം**

ദേശം ഒറ്റുനോക്കുവാൻ രഹസ്യമായി രണ്ടുപേരെ അയച്ചത് യോശുവ ആയിരുന്നു. എങ്കിലും അതിന്റെ പിന്നിൽ പ്രവർത്തിച്ചത് ദൈവ കരം തന്നെ ആയിരുന്നു. അവളുടെ ഉള്ളിലെ വിശ്വാസത്തിന്റെ ശക്തി ദൈവം അറിഞ്ഞു. പാപത്തിൽ മരിച്ച്, ക്രിസ്തുവിൽ പുതുജനനം പ്രാപിച്ച ഇവളെ രക്ഷിപ്പാൻ ദൈവം ഒരുക്കിയ വഴിയത്രേ ഈ ഒറ്റുകാർ. നശിക്കുവാൻ വിധിച്ചവൾ എന്ന് ദേശവാസികൾ വിധി എഴുതിയപ്പോൾ, അവളെ മാത്രമേ രക്ഷിപ്പാൻ കൊള്ളാവുന്നവളായി ഉള്ളു എന്ന് ദൈവം കണ്ടു.

**(2) രാഹാബിന്റെ ധൈര്യം ശ്രദ്ധേയമത്രെ**

ഒറ്റുകാരെ സ്വീകരിച്ച ഈ വനിതയുടെ ധൈര്യം ദൈവത്തിലുള്ള അവളുടെ ദൃഢമായ വിശ്വാസം മൂലം ലഭ്യമായതാണ്. രാജാവിന്റെ അന്വേ ഷകസംഘം ഇവിടെ വന്നതാരെന്നറിയുവാൻ അവളെ സമീപിച്ചു. വ്യാജ വാക്കുകളാൽ അവരെ മടക്കി അയച്ചവൾ ഒറ്റുകാരായ പുരുഷൻമാരെ മൂന്നു ദിവസം സംരക്ഷിച്ചു.ദൈവം ആർക്കും കടക്കാരനല്ല. നാം എന്തു ചെയ്താലും അതിന്റെ പതിന്മടങ്ങ് അവൻ മടക്കിത്തരുന്നു. അവൾ പറഞ്ഞ വ്യാജം യഹോവ അംഗീകരിച്ചതാണെന്ന് കരുതി നാം വ്യാജം പറ യരുത്. ഒരു കാര്യം ചെയ്യുവാൻ നമ്മുടെ വ്യാജം ദൈവത്തിനാവശ്യമില്ല.

**(3) ഒറ്റുകാരെ ധൈര്യപ്പെടുത്തിയവൾ**

ദൈവം ചെയ്ത അത്ഭുതങ്ങൾ കണ്ട ജനവും യോശുവയും ഭീതി യുടെ നിഴലിലാണ്.അവരുടെ പ്രതിനിധികളായി വന്ന ഒറ്റുകാരും ഭീരുക്ക ളാണ്. 'ഒരു പക്ഷേ നിങ്ങൾ ജയിക്കും' എങ്കിലും എന്നൊന്നുമല്ല അവൾ പറഞ്ഞത്. ദൃഢവിശ്വാസം പ്രതിഫലിക്കുന്ന വാക്കുകളാണ് അവൾ ഉച്ചരിച്ച ത്.

Read- യോശുവ (2:9,10)

**(4) അവളുടെ വിശ്വാസം തന്നെത്താൻ ത്യജിക്കുന്നത്.**

“ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ” മർക്കോസ് (8:34) അന്നുവരെ താൻ കരുതിയത് സകലവും നാശപട്ടണമായ യെരിഹോയിൽ ഉപേക്ഷിപ്പാനും യഥാർത്ഥ രക്ഷ കരസ്ഥമാക്കുവാനും അവൾ നിശ്ചയിച്ചു. കൂടാതെ അവളുടെ കുടുംബത്തെയും കർത്താവിനായി അവൾ നേടി. നമ്മുടെ ചുറ്റുപാടിനെ നാം ശ്രദ്ധിക്കാറുണ്ടോ? നശിക്കുന്നവരെ ഓർത്ത് ഭാരപ്പെടാറുണ്ടോ?

**(5) രക്ഷയുടെ അടയാളം സ്വീകരിച്ചവൾ**

യിസ്രായേൽ മക്കൾ സംഹാരകനിൽ നിന്ന് രക്ഷപെടുവാൻ , മറ്റുള്ളവരിൽ നിന്ന് വേർപാട് സൂക്ഷിച്ച് രക്തത്തിന്റെ അടയാളം ഇട്ട് ഭവനത്തിലിരുന്നതുപോലെ (പുറ:12:7,13) . ഒറ്റുകാർ നൽകിയ ചുവപ്പുചരട് ശത്രുവിൽ നിന്ന് അവളേയും കുടുംബത്തേയും തിരിച്ചറിയുവാൻ സഹായിച്ചു. യഹോവ അവളെയും അവളുടെ പിതൃഭവനത്തെയും രക്ഷിക്കുകയും ചെയ്തു.

Rahab chose God and sealed her choice. Children of Israel chose God but did not seal their choice.

യോശുവ (6:25)

Read റോമർ : (8:13)

## അനുസരണത്തിന്റെയും വിശ്വാസത്തിന്റെയും പ്രതിഫലം പ്രാപിച്ച രാഹാബ്

a. അവിശ്വാസികളോടൊപ്പം അവൾ നശിച്ചില്ല. ചുവപ്പുനൂൽ കെട്ടിയ ഇടം നിലനിർത്തിയ ദൈവം മതിലിന്റെ ബാക്കിഭാഗം തകർത്തു എന്നോർക്കുക

Read - എബ്രാ:(11:31)

Some times GOD doesn't change your situation because he is trying to change you.

b. ദൈവജനത്തോടൊപ്പം യിസ്രായേൽ പൗരത്വം ലഭിച്ചു. യോശുവ(6:25), ഫിലി (3:20)

c. യഹൂദയിലെ ശല്മോൻ എന്ന പ്രഭു അവളെ വിവാഹം ചെയ്തു. അങ്ങനെ അവൾ ബോവസ്സിന്റെ അമ്മയായിത്തീർന്നു. (മത്താ:1:5) കൂടാതെ ദാവീദുരാജാവിന്റെ വലിയമ്മ എന്ന പദവിയും ലഭിച്ചു. --മത്തായി (1:6)

d. യേശുക്രിസ്തുവിന്റെ വംശാവലി പട്ടികയിൽ ഇടം കണ്ടെത്തി. --മത്തായി (1)

എന്നെ മാനിക്കുന്നവനെ ഞാനും മാനിയ്ക്കും എന്ന് പറഞ്ഞ കർത്താവ് രാഹാബിന്റെ പ്രവർത്തിയെ മാനിച്ചു,

പ്രീയരേ ! യഹോവയുടെ ന്യായവിധിയെപ്പറ്റി കേട്ടിട്ടും അശ്രദ്ധയോടെ നടക്കാതെ രക്ഷയിലെത്തുക.

Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind

..............................................................................................................................................